**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 666** **09-06-2021 - ൽ മറുപടിയ്ക്ക്**

**കുട്ടനാട്ടിലെ കുടിവെള്ള പ്രശ്നം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാട്ടിലെ ജനങ്ങൾ നേരിടുന്ന കുടിവെള്ള പ്രശ്നം പരിഹരിക്കാൻ പ്രഖ്യാപിച്ച 291 കോടിയുടെ സമഗ്ര കുടിവെള്ള പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | കുട്ടനാട് താലൂക്കിൽ പെട്ട 13 പഞ്ചായത്തുകളായ തലവടി, എടത്വാ, തകഴി, മുട്ടാർ, നെടുമുടി, രാമങ്കരി, ചമ്പക്കുളം നീലംപേരൂർ, കാവാലം, പുളിങ്കുന്ന്, കൈനകരി, വെളിയനാട്, വീയപുരം എന്നിവയ്ക്കു വേണ്ടി കിഫ്ബി ധനസഹായത്തോടു കൂടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിക്ക് 25/06/2019ൽ 289.54 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പമ്പാ നദി സ്രോതസ്സ് ആയുള്ള ഈ പദ്ധതിയ്ക്ക് നീരേറ്റുപുറത്ത് 30 ദശലക്ഷം പ്രതിദിന ഉത്പാദനക്ഷമതയുള്ള ജലശുദ്ധീകരണ ശാലയും 13 ഉന്നതതല ജല സംഭരണികളും 46.02 കിലോ മീറ്റർ ട്രാൻസ്മിഷൻ മെയിനും, 895 കിലോ മീറ്റർ വിതരണ ശൃംഖലയുമാണ് ഘടകങ്ങളായുള്ളത്. |
| (ബി) | പ്രസ്തുത പദ്ധതി നടപ്പാക്കാൻ നാളിതുവരെ സ്വീകരിച്ച നടപടികൾ തീയതി വച്ച് ലഭ്യമാക്കുമോ; | (ബി) | തലവടി പഞ്ചായത്തിലെ നീരേറ്റുപുറത്ത് ശുദ്ധീകരണശാല സ്ഥാപിക്കുന്നതിന് കേരള വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്തിനോട് ചേർന്ന് 125 സെൻറ് സ്ഥലം ആവശ്യമായിട്ടുണ്ട്. കൂടാതെ ഉന്നതതല ജലസംഭരണി നിർമ്മിക്കുന്നതിനായി പുളിങ്കുന്ന് പഞ്ചായത്തിലും, വെളിയനാട് പഞ്ചായത്തിലും 20 സെന്റ് സ്ഥലം വീതം ആവശ്യമായിട്ടുണ്ട്. പ്രസ്തുത സ്ഥലങ്ങൾ ഏറ്റെടുക്കുന്നതിനായി ജലവിഭവ വകുപ്പിന്റെ G.O(Rt) നം. 369/2020/WRD dated 09/06/2020 ഉത്തരവും, റവന്യൂ (ബി) വകുപ്പിന്റെ G.O(Rt) No. 2780/2020/RD dated 04/09/2020 ഉത്തരവും, സർവ്വേ നമ്പറിലുണ്ടായ തെറ്റ് തിരുത്തി ജലവിഭവ വകുപ്പിന്റെ G.O(Rt) No. 114/2021/WRD dated 15/02/2021നമ്പർ ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്. ജലശുദ്ധീകരണ ശാലയ്ക്ക് വേണ്ടിയുള്ള നിലം നികത്തുന്നതിന് തലവടി കൃഷിഭവന് 06.12.2019 ൽ കേരള വാട്ടർ അതോറിറ്റി കത്ത് നൽകുകയും 25.02.2020 നും 19.06.2020 നും പ്രാദേശിക നിരീക്ഷണ സമിതിയുടെ യോഗം |

| | | | |
|---|---|---|---|
| | | | കൂടുകയും നിലം നികത്തുന്നതിനുള്ള ശുപാർശ തലവടി കൃഷിഭവനിലെ കൃഷി ഓഫീസർ, 28.02.2020 ൽ മേലാഫിസിലേക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | ഇപ്പോൾ ഇത് നടപ്പാക്കുന്നതിലെ കാലതാമസം തുടർന്നാൽ 15 കൊല്ലം ആയാലും ഇത് പൂർത്തീകരിക്കാൻ കഴിയില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാലതാമസം ഒഴിവാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ; | (സി) | തലവടി പഞ്ചാത്തിൽ നീരേറ്റുപുറത്ത് സ്ഥാപിക്കുന്ന ജല ശുദ്ധീകരണശാലയ്ക്ക് വേണ്ടിയുള്ള സ്ഥലം ഏറ്റെടുത്താൽ മാത്രമേ കുട്ടനാട് കുടിവെള്ള പദ്ധതിയുടെ മറ്റ് അനുബന്ധ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകാൻ സാധിക്കുകയുള്ളു. സ്ഥലം ഏറ്റെടുക്കുന്നതിലെ കാലതാമസം കൊണ്ടാണ് പദ്ധതി ആരംഭിക്കുന്നതിന് കാലതാമസം നേരിടുന്നത്. ടി പ്രവർത്തിയ്ക്കായുള്ള സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. ഉത്തരവ് പ്രകാരമുള്ള സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കേണ്ടത് തഹസിൽദാർ, കിഫ്ബി, ലാന്റ് അക്വിസിഷൻ, കായംകുളമാണ്. ആയതിലേക്കുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | 291 കോടി രൂപ മുടക്കുന്ന ഈ പദ്ധതിക്ക് അനുമതി നൽകുമ്പോൾ ഓവർഹെഡ് ടാങ്കുകൾ പണിയാൻ സ്ഥലം വാങ്ങണമെന്ന് തനത് ഫണ്ടില്ലാത്ത പഞ്ചായത്തുകളോട് ആവശ്യപ്പെടുന്നതിന്റെ കാരണം സഹിതം വിശദാംശം ലഭ്യമാക്കുമോ? | (ഡി) | ജലശുദ്ധീകരണ ശാലയും ഉന്നതതല ജല സംഭരണികളും നിർമ്മിക്കുന്നതിനാവശ്യമായ തുക ടി പദ്ധതിയിൽ തന്നെ വകയിരുത്തിയിട്ടുണ്ട്. അതായത് പ്രസ്തുത നിർമ്മാണ പ്രവർത്തികൾക്കാവശ്യമായ പണം പഞ്ചായത്തുകൾ നൽകേണ്ടതില്ല. തകഴി, എടത്വ, തലവടി, മുട്ടാർ, രാമങ്കരി, കാവാലം എന്നീ പഞ്ചായത്തുകളിൽ കേരള വാട്ടർ അതോറിറ്റിക്ക് സ്വന്തമായുള്ള സ്ഥലത്തു തന്നെയാണ് ഉന്നതതല ജലസംഭരണികൾ നിർമ്മിക്കുന്നത്. നീലംപേരൂർ പഞ്ചായത്തിൽ ഉന്നതതല ജലസംഭരണി നിർമ്മിക്കുന്നതിനായുള്ള സ്ഥലം ഏറ്റെടുത്ത് കേരള വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. തലവടി പഞ്ചായത്തിലെ നീരേറ്റുപുറത്ത് ശുദ്ധീകരണശാല സ്ഥാപിക്കുന്നതിന് കേരള വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്തിനോട് ചേർന്ന് 125 സെൻറ് സ്ഥലം ആവശ്യമായിട്ടുണ്ട്. പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നതിനായുള്ള ഉത്തരവ് സർക്കാർ നൽകിയിട്ടുണ്ട്. വെളിയനാട് പഞ്ചായത്തിൽ ഉന്നതതല ജലസംഭരണി നിർമ്മിക്കുന്നതിനായി 20 സെൻറ് സ്ഥലവും, പുളിങ്കുന്ന് പഞ്ചായത്തിൽ ഉന്നതതല ജലസംഭരണി നിർമ്മിക്കുന്നതിനായി 20 സെൻറ് സ്ഥലവും ഏറ്റെടുക്കുന്നതിനുള്ള ഉത്തരവും സർക്കാർ നൽകിയിട്ടുണ്ട്. ടി ഉത്തരവ് പ്രകാരമുള്ള സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കേണ്ടത് തഹസിൽദാർ, കിഫ്ബി, ലാൻറ് അക്വിസിഷൻ, കായംകുളമാണ്. പ്രസ്തുത ആവശ്യത്തിലേക്കുള്ള പണം കിഫ്ബിയിൽ നിന്നാണ് ലഭ്യമാകുന്നത്. കൂടാതെ ടി സ്ഥലത്ത് നിർമ്മാണ പ്രവർത്തികൾ |

| | | | |
|---|---|---|---|
| | | | നടത്തുന്നതിന് വെറ്റ് ലാൻറ് കൺവേർഷന് അനുമതി ലഭ്യമാകേണ്ടതിനുള്ള അപേക്ഷകളും, രേഖകളും കൃഷിഭവനിൽ സമർപ്പിച്ചിട്ടുണ്ട്. ഉന്നതതല ജലസംഭരണികൾ നിർമ്മിക്കുന്നതിനു വേണ്ടി നെടുമുടി, വീയപുരം എന്നീ പഞ്ചായത്തുകളുടെ അധീനതയിലുള്ള പുറമ്പോക്കു സ്ഥലവും, ചമ്പക്കുളം പഞ്ചായത്തിലെ ആരോഗ്യവകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലവുമാണ് കേരള വാട്ടർ അതോറിറ്റിക്ക് വിട്ടുകിട്ടേണ്ടത്. കൈനകരി പഞ്ചായത്തിൽ സ്വകാര്യവ്യക്തി പഞ്ചായത്തിന് വിട്ടുനൽകിയ സ്ഥലമാണ് കേരള ജല അതോറിറ്റിക്ക് നൽകേണ്ടത്. സ്ഥലം കൈമാറുന്നതിനുള്ള കത്തുകൾ നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തികൾ നടത്തേണ്ട സ്ഥലങ്ങൾ പഞ്ചായത്തുകൾ പണം മുടക്കി വാങ്ങേണ്ടതില്ല. |

സെക്ഷൻ ഓഫീസർ